LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സർ, കഴിഞ്ഞ രണ്ടു വർഷത്തിനിടയ്ക്ക് എന്റെ മണ്ഡലത്തിൽ ഈ ഹെപ്പറ്റൈറ്റിസ്മൂലം 8 പേരാണ് മരിച്ചിട്ടുള്ളത്. അഞ്ചു വയസ്സിന് താഴെയുള്ള കുട്ടികൾക്ക് ഇവിടെ പ്രതിരോധ കുത്തിവയ്പ്പ് നടത്താൻ തയ്യാറായിട്ടുണ്ട്. അഞ്ചു വയസ്സുമുതൽ ഇരുപത് വയസ്സുവരെയുള്ള കാലയളവിലാണ് ഈ അസുഖം കൂടുതലായി വരുന്നത്. പാരസെറ്റമോൾ പോലും ലഭ്യമല്ല എന്ന് പത്രവാർത്തയുണ്ട്. എന്റെ മണ്ഡലത്തിൽ പ്രതിരോധ കുത്തിവയ്പ് നടത്തുന്നതിന്, വികസനോൻമുഖമായ കാര്യങ്ങൾക്കേ ഫണ്ട് വിനിയോഗിക്കാവൂ എന്ന് പറഞ്ഞ് എന്റെ എം.എൽ.എ. ഫണ്ടിൽ നിന്ന് ഞാൻ പൈസ അനുവദിക്കാൻ തയ്യാറായി, നാടിന്റെ വികസനത്തേക്കാൾ വലുതാണ് മനുഷ്യജീവൻ. അതിനുവേണ്ടി പ്രത്യേക അനുമതി നൽകാൻവേണ്ടി ഞാൻ സമർപ്പിച്ച അപേക്ഷ പരിഗണിക്കണമെന്നാണ് അഭ്യർത്ഥിക്കുന്നത്.

Mr. Speaker : It is only a request not a question.

ശ്രീ. പി. ടി. തോമസ് : സർ, ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും എടുത്തിട്ടുള്ള അവസരോചിതമായ നടപടിയെ സ്വാഗതം ചെയ്തുകൊണ്ടു തന്നെ പറയട്ടെ പണം ചെലവഴിക്കുന്നതിന് പഞ്ചായത്തിന് അനുമതി കൊടുത്തിട്ടുണ്ടെങ്കിലും പ്രൊസസീവ് സാങ്ഷൻ മാത്രമേ കൊടുത്തിട്ടുള്ളൂ. ട്രഷറി ബാൻ ഒഴിവാക്കിക്കൊണ്ട് ഈ പണം ചെലവഴിക്കാനായി പ്രത്യേക അനുമതി നൽകുമോ? ഫണ്ടില്ലാത്ത മൈനർ ഫണ്ടുള്ള പഞ്ചായത്തിൽ പുതിയ ഫണ്ട് കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ? ഇന്നലെ എന്റെ മണ്ഡലത്തിൽ ഉദ്യോഗസ്ഥൻമാരുടെ ബന്ധപ്പെട്ട ഒരു യോഗം വിളിച്ചുകൂട്ടി.

മി. സ്പീക്കർ : ചോദ്യം മാത്രം കേട്ടാൽ മതി.

ശ്രീ. പി. ശങ്കരൻ : സർ, ഇത്തരം സന്ദർഭങ്ങളിൽ ആവശ്യമായ മരുന്നുകൾ ലഭ്യമാക്കാൻ വേണ്ടി റിലീസ് ചെയ്ത പണം ഉടനെതന്നെ ലഭ്യമാക്കാനും ട്രഷറി ബാൻ ഒഴിവാക്കാനുമുള്ള ഒരു തീരുമാനം ബഹുമാനപ്പെട്ട ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി എടുത്തിട്ടുണ്ട്. അത് അനുസരിച്ചുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

നദീ സംയോജന പദ്ധതി

3 (*153) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ചിരിക്കുന്ന നദികളെ തമ്മിൽ ബന്ധിപ്പിക്കുന്ന പദ്ധതിയുടെ ദോഷഫലങ്ങളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ജലവിഭവ വകുപ്പ് ഇതു സംബന്ധിച്ച് ഏതെങ്കിലും ശാസ്ത്രീയമായ പഠനങ്ങൾ നടത്തുകയുണ്ടായോ ; എങ്കിൽ അതു സംബന്ധിച്ച് വിശദീകരിക്കാമോ ;

(സി) പമ്പ-അച്ചൻകോവിൽ വൈപ്പാർ പദ്ധതി നടപ്പിലാക്കുന്നത് കേരളത്തിന്റെ പരിസ്ഥിതിയേയും ഭൂഗർഭ ജല ലഭ്യതയേയും സാരമായി ബാധിക്കും എന്ന വിദഗ്ധാഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കേരളത്തിന്റെ എതിർപ്പ് അവഗണിച്ചുകൊണ്ട് നദീ സംയോജന പദ്ധതി നടപ്പാക്കാൻ കേന്ദ്ര സർക്കാർ താത്പര്യം കാണിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) കേരളത്തിന്റെ ജലം തട്ടിയെടുക്കാനുള്ള തമിഴ്നാട് നീക്കത്തെ സഹായിക്കുന്ന കേന്ദ്ര നടപടികൾക്കെതിരെ ഏതു നിലയിലുള്ള സമ്മർദ്ദ തന്ത്രങ്ങൾക്കാണ് രൂപം നല്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(എഫ്) കേരളത്തിന്റെ അധികാരത്തിന്മേൽ കൈകടത്തിക്കൊണ്ടുള്ള നദീ സംയോജന നീക്കത്തിനെതിരെ ഫലപ്രദമായ എന്തു നടപടിയാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളത് ;

(ജി) ഈ സമീപനം അവസാനിപ്പിച്ചുകൊണ്ട് ഇക്കാര്യത്തിൽ കേന്ദ്രത്തിൽ ശക്തമായ സമ്മർദ്ദം നടത്താൻ തയ്യാറാകുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) കേന്ദ്ര സർക്കാർ ആവിഷ്ക്കരിക്കുന്ന നദികളെ തമ്മിൽ ബന്ധിപ്പിക്കുന്ന പദ്ധതിയുടെ വിശദ വിവരങ്ങൾ ലഭ്യമല്ല. എന്നാൽ, കേരളത്തിലെ നദികളായ പമ്പ-അച്ചൻകോവിൽ എന്നിവയെ തമിഴ്നാട്ടിലെ വൈപ്പാർ നദിയുമായി കൂട്ടിയിണക്കുന്നതിനെക്കുറിച്ച് ഇതുമായി ബന്ധപ്പെട്ട ടാസ്ക് ഫോർസിന്റെ ചെയർമാൻ ശ്രീ. സുരേഷ് പ്രഭു സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. സംസ്ഥാന സർക്കാർ ഇക്കാര്യത്തിലുള്ള വിയോജിപ്പ് അറിയിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ജലവിഭവ വികസന വിനിയോഗ കേന്ദ്രം (സിഡബ്ല്യുആർഡിഎം.) കോഴിക്കോട് മുഖാന്തിരം നടത്തിയ പഠനത്തിൽ ഈ നദികളിൽ അധികജലമില്ലെന്നും 2050-ാം ആണ്ടോടുകൂടി മൂക്ഷമായ ജലദൗർലഭ്യം അനുഭവപ്പെടാൻ സാദ്ധ്യതയുണ്ടെന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ജലം ഒരു സംസ്ഥാന വിഷയമായതുകൊണ്ട് പ്രസ്തുത നീക്കത്തെ നിയമപരമായിത്തന്നെ തടയാവുന്നതാണ്. ഇന്ത്യൻ ഭരണഘടനയിലെ 246-ാം ആർട്ടിക്കിളിലെ 7-ാം പട്ടികയിലെ സ്റ്റേറ്റ് ലിസ്റ്റ് എൻട്രി 17 അനുസരിച്ച് സംസ്ഥാനത്ത് ഒഴുകുന്ന നദികളുടെ അധികാരം ആ സംസ്ഥാനത്തിൽ നിക്ഷിപ്തമായതിനാൽ, സംസ്ഥാനത്തിന്റെ അനുമതികൂടാതെ ആ നദിയിൽ നിന്നും ജലം തിരിച്ചുവിടുന്നതിന് കേന്ദ്ര ഗവൺമെന്റിന് അധികാരമില്ല. ഇക്കാര്യത്തിൽ കേരളത്തിന്റെ എതിർപ്പ് ആവർത്തിച്ച് അറിയിച്ചിട്ടുള്ളതാണ്.

(എഫ്) പമ്പ-അച്ചൻകോവിൽ നദികളെ തമിഴ്നാട്ടിലെ വൈപ്പാർ നദിയുമായി കൂട്ടിയിണക്കുന്നതിനുള്ള നാഷണൽ വാട്ടർ ഡെവലപ്മെന്റ് ഏജൻസിയുടെ നിർദ്ദേശത്തേയും റിപ്പോർട്ടിലെ നിഗമനങ്ങളെയും സംസ്ഥാന സർക്കാർ ശക്തിയുക്തം എതിർക്കുകയുണ്ടായി. തത്ഫലമായി നാഷണൽ വാട്ടർ ഡെവലപ്മെന്റ് ഏജൻസിയും കേരള സർക്കാരും സംയുക്തമായി ഇക്കാര്യത്തിൽ ഒരു പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കണമെന്ന് ഇപ്പോൾ തീരുമാനമായിട്ടുണ്ട്.

(ജി) സമ്മർദ്ദം ചെലുത്തുന്നുണ്ട്.

കൊതുകു നിവാരണ നടപടികൾ

4 (*154) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊതുകു നിവാരണ നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ നിർത്തിവച്ചിരിക്കുകയാണോ ;

(ബി) എങ്കിൽ അതിനുള്ള കാരണമെന്ത് ;

(സി) പ്രസ്തുത നടപടി പൊതുജനാരോഗ്യത്തെ ബാധിച്ചിട്ടുണ്ടോ ;

(ഡി) കൊതുകു നിവാരണ നടപടികൾ അടിയന്തരമായി സ്വീകരിക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) :

(എ) നിർത്തിവച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ബാധകമല്ല.

(ഡി) കൊതുക നിവാരണ നടപടികൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ചുമതലയിലാണ്. ആ ചുമതല കാര്യക്ഷമമായി നടപ്പിലാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സംസ്ഥാനത്തെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly